DESPATCHED On 8.1.2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം

ഹർജി നമ്പർ സി.പി. 701(3)/2017/എസ്.ഐ.സി.

ഉത്തരവ് തീയതി : 14.12.2020

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

ശ്രീ.മുഹമ്മദ് കുഞ്ഞി ടി
കുമ്പയിൽ ഹൗസ്, താളിക്കാവ്,
പി.ഒ.കണ്ണൂർ – 670 001.
} പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം
റോഡ്സ് സെക്ഷൻ, വളപട്ടണം,
കാട്ടാംപള്ളി പി.ഒ, കണ്ണൂർ – 670011
} എതിർകക്ഷി

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 09.06.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | nil |
| കമ്മീഷൻ മുമ്പാകെ പരാതി ഹർജി സമർപ്പിച്ച തീയതി | 05.07.2017 |
| ഹർജിക്കാരന്റെ പരാതി ഹർജി കൈപ്പറ്റിയ തീയതി | 10.07.2017 |

O/C

2017 ന് ലഭിച്ച ഈ പരാതി ഹർജിയിൽ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നേരിട്ടുള്ള ഹിയറിംഗ് ഒഴിവാക്കിക്കൊണ്ട് കമ്മീഷനിൽ സമർപ്പിക്കപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. ഈ ഹർജിയിൽ രണ്ട് പരാതികളാണ് ഹർജിക്കാരനായ ശ്രീ.മുഹമ്മദ് കുഞ്ഞി ടി ഉന്നയിച്ചിരിക്കുന്നത്:

i. പരാതിക്കാരൻ 10 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് കണ്ണൂർ പി.ഡബ്ല്യൂ.ഡി റോഡ്സ് സെക്ഷനിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് (എസ്.പി.ഐ.ഒ) സമർപ്പിച്ച വിവരാവകാശ അപേക്ഷ വിവരാവകാശ നിയമത്തിലെ 6(3)



RIGHT TO INFORMAT

വകുപ്പ് പ്രകാരം കൈമാറ്റം ചെയ്ത് ലഭിച്ച വളപട്ടണം റോഡ്സ് സെക്ഷനിലെ എസ്.പി.ഐ.ഒ ടിയാന്റെ വിവരാവകാശ അപേക്ഷയിൽ അപേക്ഷാ ഫീസായ 10 രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ചിട്ടില്ലായെന്ന് അറിയിച്ചിരിക്കുന്നുവെന്നും;

ii. വിവരാവകാശ അപേക്ഷയിൽ പി.ഡബ്ല്യൂ.ഡി കോൺട്രാക്റ്റ് വർക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ടത് പ്രസ്തുത കോൺട്രാക്റ്റ് വർക്ക് ചെയ്ത കോൺട്രാക്ടർക്ക് വളപട്ടണം പി.ഡബ്ല്യൂ.ഡി ഓഫീസിലെ എസ്.പി.ഐ.ഒ ചോർത്തികൊടുത്തുവെന്നും അതിനെ തുടർന്ന് പ്രസ്തുത കോൺട്രാക്ടിൽ നിന്നും ഹർജിക്കാരന് ഭീക്ഷണി നേരിടേണ്ടി വന്നു എന്നുമാണ്.

3. വിവരാവകാശ അപേക്ഷയിൽ ബി.പി.എൽ വിഭാഗത്തിൽപ്പെടാത്ത അപേക്ഷകർ 10 രൂപ ഫീസ് അടയ്ക്കുകയും ബി.പി.എൽ വിഭാഗക്കാർ ബി.പി.എൽ കാർഡിന്റെ അസ്സൽ ഹാജരാക്കുകയും ചെയ്യേണ്ടതാണ്. ഒരു അപേക്ഷ ലഭിക്കുമ്പോൾ പ്രസ്തുത അപേക്ഷയിൽ നിയമപരമായ ഫീസ് അടച്ചിട്ടുണ്ടോ അല്ലെങ്കിൽ ബി.പി.എൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ എന്നൊക്കെ തീരുമാനിക്കേണ്ടത് അപേക്ഷ ആദ്യം കൈപ്പറ്റുന്ന ഓഫീസിലെ എസ്.പി.ഐ.ഒ യാണ്. ടിയാന്റെ അപേക്ഷ സ്വീകരിച്ച് തുടർ നടപടിയും കൈക്കൊണ്ട് കഴിഞ്ഞാൽ പിന്നെ അതിൽ ന്യൂനതകൾ കണ്ടെത്തുന്നത് നിയമപരമായി നിലനിൽക്കുന്ന നടപടിയല്ല. ഈ പരാതി ഹർജിയ്ക്ക് ആധാരമായ വിവരാവകാശ അപേക്ഷ പി.ഡബ്ല്യൂ.ഡി റോഡ്സ് ഡിവിഷനിലെ കണ്ണൂർ ഓഫീസിലെ എസ്.പി.ഐ.ഒ സ്വീകരിച്ചതാണ്. അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ വളപട്ടണം ഓഫീസിന്റെ അധീനതയിൽ ഉള്ളതായതിനാലണ് ഹർജിക്കാരന് നേരിട്ട് വിവരം ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ അപേക്ഷ വളപട്ടണം ഓഫീസിലേക്ക് അയച്ചുകൊടുത്തത്. അപ്രകാരം 6(3) വകുപ്പ് പ്രകാരം ലഭിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരം അപേക്ഷകന് നേരിട്ട് ലഭ്യമാക്കുകയെന്ന ഉത്തരവാദിത്വം മാത്രമേ അപ്രകാരം അപേക്ഷ ലഭിച്ച എസ്.പി.ഐ.ഒ യ്ക്കുള്ളൂ. കൈമാറ്റം ചെയ്യപ്പെട്ട് ലഭിച്ച അപേക്ഷയിലെ ന്യൂനത പരിശോധിക്കുവാനുള്ള ഉത്തരവാദിത്വം അപേക്ഷ ലഭിക്കുന്ന രണ്ടാമത്തെ എസ്.പി.ഐ.ഒ യ്ക്ക് ഉള്ളതല്ല. കാരണം പ്രസ്തുത അപേക്ഷ നിയമപരമായി സ്വീകരിച്ച്


RIGHT TO INFORMAT

കഴിഞ്ഞതാണ്. അതിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്ന ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുവാൻ എസ്.പി.ഐ.ഒ യ്ക്ക് അവകാശമില്ല. അതിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഹർജിക്കാരന് നൽകുവാൻ എസ്.പി.ഐ.ഒ ബാധ്യസ്ഥനാണ്.

4. വിവരാവകാശ അപേക്ഷയിൽ അവശ്യപ്പെട്ട വിവരങ്ങൾ മൂന്നാമത് ഒരാൾക്ക് ചോർത്തികൊടുത്തുവെന്ന ഹർജിക്കാരന്റെ ആരോപണം ഗൗരവമുള്ളതാണ്. എന്നാൽ ടിയാന്റെ ആരോപണം തെളിയിക്കുവാൻ ഉതകുന്ന രേഖകൾ യാതൊന്നും കമ്മീഷൻ മുമ്പാകെ ഹർജിക്കാരൻ ഹാജരാക്കിയിട്ടില്ല. ആ സ്ഥിതിക്ക് പ്രസതുത ആരോപണത്തിന്മേൽ അനന്തര നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

5. മുകളിൽ പറഞ്ഞ് പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം, 2020 ഡിസംബർ മാസം 14 – ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

JN

STATE INFORMATION COMMISSION